## Report of the Committee on Private Members' Bills and Resolutions

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: സർ, സ്വകാര്യ ബില്ലുകളുടെ ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ചുള്ള കമ്മിറ്റിയുടെ 1970-ലെ ഒന്നാമതു റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

**Mr. Speaker:** The Report is presented.

## LEGISLATIVE BUSINESS

### *The Kerala Housing Board Bill, 1970*

**Mr. Speaker:** Mr. T. K. Ramakrishnan was speaking.....

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, എറണാകുളം ടൗൺപ്ലാനിംഗ് സ്കീ
10 a.m. മിന്റെ നടത്തിപ്പിൽ ഉദ്യോഗസ്ഥൻമാർ ഇടപെട്ടു പ്രവർത്തിച്ചതിന്റെ ഫലമായി ജനങ്ങൾക്കുണ്ടായ ബദ്ധിമുട്ടുകളുടേയും അസംതൃപ്തികളുടെയും എതിർപ്പുകളുടേയും കാര്യങ്ങളാണ് ഞാൻ ഇന്നലെപറഞ്ഞുകൊണ്ടിരുന്നത്. സ്ലംക്ളീയറൻസ് നടപ്പിൽവരുത്തുന്നതിന്റെ പേരിലാണ് സ്കീം തുടങ്ങുന്നത് ജനങ്ങൾ തിങ്ങിത്താമസിക്കുന്നതും സൗകര്യത്തോടുകൂടി താമസിക്കുന്നതുമായ ഏരിയായാണ് ഇതിനു തെരഞ്ഞെടുത്തത്. അവിടെത്താമസിക്കുന്ന ആളുകൾ മറ്റുസ്ഥലങ്ങളിൽ പോയിത്താമസിക്കുകയും അവിടെ വീണ്ടും പണിയുന്ന കെട്ടിടങ്ങൾ അവർക്കുവേണ്ടി കൊടുക്കാതിരിക്കുകയുമാണ് ചെയ്യുന്നത്. ഈ കാര്യം അനുഭവപ്പെട്ടതിനെത്തുടർന്നാണ് ജനങ്ങൾ സംഘടിച്ച് കമ്മിറ്റികളായി ഗവൺമെൻറിന്റെ മുമ്പാകെ നിവേദനം നടത്തിയത്. ബഹുമാനപ്പെട്ട മെമ്പർ പറമ്പിത്തറ മാസ്റ്റർ സൂചിപ്പിച്ചതുപോലെ എറണാകുളം പട്ടണത്തിൽത്തന്നെ കൊതുകുകളുടെശല്യം വലുതായുള്ള വളരെയധികം ചളിപ്രദേശങ്ങളുണ്ട്. ആ ചളിപ്രദേശത്തിനു വടക്കുഭാഗംതൊട്ട് തെക്കോട്ടുകിടക്കുന്ന ഭാഗമാണ് അദ്ദേഹം സൂചിപ്പിച്ചത്. ആ ഭാഗം എടുത്ത് നികത്തി വാസയോഗ്യമാക്കി സ്കീമിനുവേണ്ടി പ്രയോജനപ്പെടുത്തിയാൽ നന്നായിരിക്കും. പക്ഷേ ഉദ്യോഗസ്ഥൻമാർ തീരുമാനമെടുക്കുന്ന സ്കീമായതുകൊണ്ട് ഇത്തരം കാര്യങ്ങളെപ്പറ്റി അവർക്ക് ആലോചിക്കാൻ കഴിഞ്ഞിട്ടില്ല. നല്ല ഉദ്ദേശത്തോടുകൂടി കൊണ്ടുവന്ന സ്കീംതന്നെ ജനങ്ങളുടെ എതിർപ്പിനു പാത്രമായിത്തീരുകയും ചെയ്തു.

അതുപോലെതന്നെ കുടികിടപ്പുകാരെ ദ്രോഹിക്കുന്നതിനുവേണ്ടിയുള്ള ചില സ്കീമുകൾ മുമ്പു തയ്യാറാക്കപ്പെട്ടിട്ടുണ്ട്. കുടികിടപ്പുകാരെ സംരക്ഷിക്കാനുള്ള നിയമംവന്നപ്പോൾ, കുടികിടപ്പുകാരെ ഒഴിപ്പിക്കാൻ പാടില്ലെന്നു വന്നപ്പോൾ എങ്ങനെയെങ്കിലും ഗവൺമെൻറിനെ ഇടപെടുത്തി അവരെ ഒഴിപ്പിച്ചാൽ കാമ്പൻസേഷൻ കൊടുക്കാതെ കഴിക്കുകയും മുമ്പത്തെ നിയമപ്രകാരം സ്ഥലം ഒഴിഞ്ഞുകിട്ടുകയും ചെയ്യുമെന്നുള്ള നിലയ്ക്കു മുമ്പത്തെ

LIBRARY ARCHIVES Kerala Legislative Assembly